

# ഇളനീരിനനുയോജ്യമായ തെങ്ങിനങ്ങൾ

**റെജി ജേക്കബ് തോമസ്, ഷരീഫ എം., കലാവതി എസ്.**
ഐ.സി.എ.ആർ. - സി.പി.സി.ആർ.ഐ., പ്രാദേശിക കേന്ദ്രം,കൃഷ്ണപുരം (പി.ഒ.), കായംകുളം

കേരളീയരുടെ സ്വർഗ്ഗീയവൃക്ഷമാണ് തെങ്ങ്. തെങ്ങിന്റെ ഒരു ഭാഗംപോലും ഒഴിച്ചുനിർത്താതെ ഉപയോഗയോഗ്യമാക്കാവുന്ന പ്രകൃതിയുടെ വരദാനമാണ് ഈ കല്പവൃക്ഷം. വിവിധ നാളികേര ഉൽപ്പന്നങ്ങളിൽ ഏറ്റവും വിശിഷ്ടമായ കരിക്കിൻവെള്ളം ഔഷധഗുണമുള്ളതും ആരോഗ്യദായകവുമാണ്. ആരോഗ്യത്തിന് ഹാനികരമായ കൃത്രിമ ലഘുപാനീയങ്ങൾക്കുപകരം അണുവിമുക്തവും പ്രകൃതിദത്തവും പോഷകസമൃദ്ധവുമായ കരിക്കിൻവെള്ളം ഉപയോഗിക്കാം. ക്ഷീണിതർക്കും രോഗികൾക്കും ഗ്ലൂക്കോസിനുപകരം കരിക്കിൻവെള്ളമാണ് ഡോക്ടർമാർ നിർദ്ദേശിക്കുന്നത്. ഛർദ്ദിയും അതിസാരവും മൂലമുള്ള ജലനഷ്ടം ദ്രീകരിക്കാനും ക്ഷാരാംശം കൂടുതൽ ഉള്ളതിനാൽ പ്രമേഹരോഗികൾക്ക് തളർച്ച അനുഭവപ്പെടുമ്പോൾ കുടിക്കാനും കരിക്കിൻവെള്ളം ഏറ്റും അനുയോജ്യമാണ്. വേനൽച്ചൂടിൽ ശരീരത്തിന് തണുപ്പേകാൻ ഉത്തമമാണ് ഇളനീർ. ആരോഗ്യദായകമായ എല്ലാ പോഷകമൂലകങ്ങളും ദ്രാവകരൂപത്തിൽ കരിക്കിൻവെള്ളത്തിൽ അടങ്ങിയിരിട്ടുണ്ട്. പൊട്ടാസ്യം, സോഡിയം, കാൽസ്യം, ഫോസ്ഫറസ്, ഇരുമ്പ്, കോപ്പർ, സൾഫർ, മഗ്നീഷ്യം തുടങ്ങിയ ലവണങ്ങളും വിറ്റാമിൻ ബിയും സിയും ഇള നീരിലടങ്ങിയിട്ടുണ്ട്. ഇത്രയും പോഷകസമ്പന്നമായതും സ്വാദിഷ്ടവുമായ കരിക്കിൻവെള്ളം എല്ലാവർക്കും ഇഷ്ടമാണെങ്കിലും മറ്റു പാനീയങ്ങൾ ഒഴിവാക്കി ഇതുപയോഗിക്കുവാൻ കേരളീയർ ഇനിയും ശീലിച്ചിട്ടില്ല. വാണിജ്യാവശ്യങ്ങൾക്കുള്ള കരിക്കിന് പ്രധാനമായും അയൽ സംസ്ഥാനങ്ങളെയാണ് ഇന്നും നാം ആശ്രയിക്കുന്നത്.

## ഇളനീരിനനുയോജ്യമായ തെങ്ങിനങ്ങൾ

ഇളനീരിന്റെ മാധുര്യവും അളവും പോഷകഗുണങ്ങളും തെങ്ങിന്റെ ഇനമനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ആയതിനാൽ എല്ലാ തെങ്ങിനങ്ങളും ഇളനീരിന് യോജിച്ചതല്ല. ആറ് മാസം മുതൽ എട്ടുമാസം വരെ മൂപ്പെത്തിയ നാളികേരമാണ് കരിക്കിനായി ഉപയോഗിക്കുന്നത്. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലെ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഇളനീരിന് ശുപാർശ ചെയ്തിട്ടുള്ള ഇനങ്ങളാണ് ചുവടെ വിവരിച്ചിരിക്കുന്നത്.

### 1. ചാവക്കാട് കുറിയ ഓറഞ്ച്

ഈ കുറിയ ഇനം ചെന്തെങ്ങ്, ഗൗരി ഗാത്രം എന്നീ പേരുകളിലാണ് നാട്ടിൻപുറങ്ങളിൽ അറിയപ്പെടുന്നത്. തൃശൂർ ജില്ലയിലെ ചാവക്കാട് പ്രദേശമാണ് ഈ ഇനത്തിന്റെ ഉത്ഭവം എന്നു കരുതപ്പെടുന്നു. ഇവയുടെ 7-8 മാസം പ്രായമുള്ള ഒരു




കരിക്കിൽ 300 മി.ലി. വെള്ളമുണ്ടായിരിക്കും. നട്ട് മൂന്നു വർഷത്തിനുള്ളിൽ കായ്ച്ചുതുടങ്ങുന്ന ഇവയുടെ നാളികേരത്തിനും ഓലമടലിനും ഓറഞ്ചുനിറമാണ്.

### 2. ചാവക്കാട് കുറിയ പച്ച

ചാവക്കാട് പ്രദേശത്ത് ഉത്ഭവിച്ചതെന്നു കരുതുന്ന ഈ ഇനവും ഇളനീരിന് യോജിച്ചതാണ്. കാറ്റുവീഴ്ച രോഗത്തിന് എതിരെ പ്രതിരോധശേഷിയുള്ള ഒരു കുറിയ ഇനമാണിത്. നാളികേരത്തിനും ഓലമടലിനും പച്ചനിറമുള്ള ഈ ഇനം നട്ട് 2 1/2 - 3 വർഷത്തിനുള്ളിൽ കായ്ച്ചുതുടങ്ങുന്നു. ഇവയുടെ കരിക്കിൻവെള്ളത്തിന് നല്ല മധുരമുണ്ടെങ്കിലും താരതമ്യേനഅളവ് കുറവാണ്. നാട്ടിൻപുറങ്ങളിൽ കപ്പതെങ്ങ്, പതിനെട്ടാംപട്ട എന്നീ പേരുകളിലും അറിയപ്പെടുന്നു. കാറ്റുവീഴ്ച ബാധിത പ്രദേശങ്ങളിൽ പുരയിടകൃഷിക്ക് അനുയോജ്യമായ ചാവക്കാട് കുറിയ പച്ച 'കല്പശ്രീ' എന്ന പേരിലാണ് സി.പി.സി.ആർ.ഐ. പുറത്തിറക്കിയിരിക്കുന്നത്.

### 3. മലയൻകുറിയ പച്ച

കാറ്റുവീഴ്ച രോഗ പ്രതിരോധശേഷിയുള്ള മറ്റൊരു കുറിയ ഇനമാണ് മലയൻകുറിയ പച്ച. ചാവക്കാട് കുറിയ പച്ചയെ അപേക്ഷിച്ച് ഇവയുടെ നാളി



കേരത്തിന് വലിപ്പം കൂടുതലാണ്. കരിക്കിൽ ഏകദേശം 290 മി.ലി. വെള്ളവും വെള്ളത്തിനും കാമ്പിനും നല്ല മധുരവുമുണ്ട്. നട്ട് മൂന്നു-മൂന്നര വർഷത്തിനുള്ള കായ്ചുതുടങ്ങുന്ന ഇവയുടെ ശരാശരി വാർഷിക വിളവ് 89 നാളികേരമാണ്. ഈ ഇനം കാറ്റുവീഴ്ച ബാധിത പ്രദേശങ്ങളിലേക്കായി 'കല്പരക്ഷ' എന്ന പേരിൽ സി.പി.സി.ആർ.ഐ. ശുപാർശ ചെയ്തിട്ടുണ്ട്.

### 4. മലയൻകുറിയ ഓറഞ്ച്

ഓറഞ്ച് നിറത്തിലുള്ള ഓലമടലുകളും നാളികേരവുമുള്ള ഈ കുറിയ ഇനം തെങ്ങ് നട്ട് 3-4 വർഷത്തിനുള്ളിൽ കായ്ച്ചുതുടങ്ങും. ഇവയുടെ നാളികേരം ചാവക്കാട് കുറിയ ഓറഞ്ചിനേക്കാൾ വലുതാണ്. ശരാശരി വാർഷിക വിളവ് തെങ്ങൊന്നിന് 123 നാളികേരമാണ്. സി.പി.സി.ആർ.ഐ.യിൽ നിന്നും ഈഇനം 'കല്പസൂര്യ' എന്ന പേരിൽ കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലേക്കായി ശുപാർശ ചെയ്തിട്ടുണ്ട്.




### 5. മലയൻകുറിയ മഞ്ഞ

ഈ ഇനത്തിന്റെ ഓലമടലുകൾക്കും നാളികേരത്തിനും മഞ്ഞനിറമാണ്. താരതമ്യേന വലിയ നാളികേരമുള്ള ഇവയിൽ ശരാശരി 238 മി.ലി. കരിക്കിൻവെള്ളമുണ്ടാകും. ഇവയുടെ ശരാശരി വാർഷിക വിളവ് തെങ്ങൊന്നിന് 114 നാളികേരമാണ്. സി.പി.സി.ആർ.ഐ. ഈ ഇനം 'കല്പജ്യോതി' എന്ന പേരിൽ കേരളം, തമിഴ്നാട്, ആന്ധ്ര, കർണാടക എന്നീ സംസ്ഥാനങ്ങളിലേക്കായി ശുപാർശ ചെയ്തിട്ടുണ്ട്.





### 6. ഗംഗബോന്തം

ആന്ധ്രാപ്രദേശിൽ ഇളനീർ ആവശ്യത്തിനായി കൃഷി ചെയ്യുന്ന ഒരു കുറിയ ഇനമാണിത്. നട്ട് 3-4 വർഷത്തിനുള്ളിൽ കായ്ച്ചുതുടങ്ങുന്ന ഇവയുടെ ഇളനീരിന് നല്ല മധുരമാണ്. ഇവുടെ നാളികേരത്തിന് പച്ചനിറവും നീണ്ടുരണ്ട പപ്പായയുടെ ആകൃതിയുമാണ്. ഇവയിൽ നിന്നും പ്രതിവർഷം ശരാശരി 80 നാളികേരം ലഭിക്കും.

## ഇളനീരിന് യോജിച്ച സങ്കരയിനങ്ങൾ

**1. ചന്ദ്രസങ്കര:** ചാവക്കാട് കുറിയ ഓറഞ്ച് മാതൃവൃക്ഷവും പശ്ചിമതീര നെടിയനാടൻ പിതൃവൃക്ഷവുമായി സങ്കരണം ചെയ്തതാണ് ചന്ദ്രസങ്കര. ഇവയുടെ ശരാശരി വിളവ് വർഷത്തിൽ 106 നാളികേരമാണ്.



**2. ചന്ദ്രലക്ഷ:** ലക്ഷദീപ് ഓർഡിനറി മാതൃവൃക്ഷത്തിൽ ചാവക്കാട് കുറിയ ഓറഞ്ചിന്റെ പരാഗം ഉപയോഗിച്ച് സങ്കരണം നടത്തിയതാണ് ചന്ദ്രലക്ഷ. ഇവയുടെ ശരാശരി വാർഷിക വിളവ് 109 നാളികേരമാണ്.



**3. കല്പസങ്കര:** ചാവക്കാട് കുറിയ പച്ച മാതൃവൃക്ഷത്തിൽ അത്യുല്പാദനശേഷിയും രോഗപ്രതിരോധശക്തിയുമുള്ള പശ്ചിമതീര നെടിയ ഇനത്തിന്റെ പരാഗമുപയോഗിച്ച് കൃത്രിമ പരാഗണം ചെയ്തതാണ് കല്പസങ്കര. നട്ട് 4 വർഷത്തിനകം കായ്ച്ചുതുടങ്ങുന്ന ഇവ അധികം ഉയരം വയ്ക്കാത്തതിനാൽ വിളവെടുക്കാൻ എളുപ്പമാണ്. ഇവയുടെ കരിക്കിന് നല്ല മധുരമാണ്. ഒരു കരിക്കിൽ ശരാശരി 373 മി.ലി. വെള്ളമുണ്ടായിരിക്കും. കാറ്റുവീഴ്ച രോഗത്തെ ചെറുക്കാൻ കഴിവുള്ള ഈ ഇനത്തിന്റെ ശരാശരി വിളവ് വർഷത്തിൽ 84 നാളികേരമാണ്.

